## കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ - എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 23/05/2017-ൽ മരണപ്പെട്ട പി.പി.അവറാച്ചന്റെ ഭാര്യ ശ്രീമതി. കെ.എ.ഏലിയാമ്മയ്ക്ക് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**6923/2018/**ധന. തിരുവനന്തപുരം, തീയതി .14/08/2018

---

പരാമർശം:- (1) എറണാകുളം വിദ്യാഭ്യാസ ഡയറക്ടറുടെ 03/04/2018 – ലെ ഡി2/6838/2018/നം.കത്ത്.

(2) 20/01/2016 – ലെ സ.ഉ(പി)നം.9/2016/ധന നമ്പർ ഉത്തരവ്.

(3) PPONo.46359811

(4) Form No.6 ലുള്ള അപേക്ഷ.

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 31/03/1998 – ൽ വിരമിച്ച പി.പി.അവറാച്ചൻ എക്സ്ഗ്രേഷ്യാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 23/05/2017 – ൽ മരണപ്പെട്ടതിനാൽ പരാമർശം (2) ഉത്തരത്തിന്റെ ഖണ്ഡിക 10 അനുസരിച്ച് പരേതന്റെ ഭാര്യ ശ്രീമതി. കെ.എ.ഏലിയാമ്മയ്ക്ക് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 10 – ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട പി.പി.അവറാച്ചന്റെ സർവ്വീസ് കാലയളവ് 07 വർഷമാണെന്ന് ബോധ്യമായതിനാലും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭാര്യയായ ശ്രീമതി. കെ.എ.ഏലിയാമ്മയ്ക്ക് 1785/- രൂപ 01/06/2017 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ ഇനത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. 1785/- രൂപയ്ക്ക് അനുസൃതമായ ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. പ്രസ്തുത പെൻഷൻ നൽകുന്നതിനാവശ്യമായ അധികാര ദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071 – 01 – 105 -99 " കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

എം.എ.സി.എ 2433/2015, എം.എ.സി.എ 1687/2015 എന്നിവയിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം 2 ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരമായി 5,20,000/-(അഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ കോടതിയിൽ കെട്ടിവയ്ക്കുവാൻ ഉത്തരവായിട്ടുണ്ട്. പലിശ ബഹു.പെരുമ്പാവൂർ എം.എ.സി.റ്റി ഉത്തരവിട്ടിരിക്കുന്ന രീതിയിൽ അനുവദിക്കുവാനും കോടതി നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിധിയിന്മേൽ വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്ന് വകുപ്പിലെ ലോ ഓഫീസറും ഗവൺമെന്റ് പ്ലീഡറും നിയമോപദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ വിധിന്യായ പ്രകാരം കെട്ടിവയ്ക്കേണ്ട തുക അനുവദിക്കണമെന്ന് ഇൻഷ്വറൻസ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 16/05/2014 മുതൽ 27/02/2015 വരെയുള്ള കാലയളവിലേക്ക് പലിശ നൽകേണ്ടതില്ലെന്ന നിബന്ധനയ്ക്ക് വിധേയമായി പരാമർശം 2 ലെ വിധി പ്രകാരമുള്ള നഷ്ടപരിഹാര തുകയായ 5,20,000/-(അഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് ബഹു.കേരള ഹൈക്കോടതിയിൽ കെട്ടിവച്ച 25,000/-(ഇരുപത്തയ്യായിരം രൂപ മാത്രം) രൂപ കുറവ് ചെയ്ത് ബാക്കിയുള്ള 4,95,000/- (നാല് ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരം രൂപ മാത്രം) രൂപ 9% പലിശയുൾപ്പെടെ പരാതി തീയതി മുതൽ കോടതിയിൽ കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രസ്തുത ചെലവ് "8011 – ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട് - 98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, എറണാകുളം
വെബ്&ന്യൂ മീഡിയ,പബ്ളിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ,ധനകാര്യ വകുപ്പ്,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ